(ബി) വിദേശത്ത് തൊഴിൽ അവസരങ്ങൾ തേടുന്ന മുസ്ലീം യുവാക്കൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് പ്രത്യേക കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ ;

(സി) എന്തൊക്കെ പരിശീലന പരിപാടികളാണ് ഇവിടെ നടത്തിവരുന്നത് ;

(ഡി) ഈ കേന്ദ്രങ്ങൾ ആരംഭിച്ചശേഷം ഇതുവരെ എത്ര പേർക്ക് ഹ്രസ്വകാല പരിശീലനം നൽകിയിട്ടുണ്ട് ;

(ഇ) ഇനിയും ഇത്തരം പുതിയ സെന്ററുകൾ ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ബിരുദ/ബിരുദാനന്തര/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവ അനുവദിക്കുന്ന പദ്ധതി, അഭ്യസ്ത വിദ്യരായ ന്യൂനപക്ഷ യുവജനതയ്ക്ക് സിവിൽ സർവ്വീസ്, യു.പി.എസ്.സി., പി.എസ്.സി., ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി, മദ്രസ്സാദ്ധ്യാപകർക്കുള്ള ക്ഷേമനിധി പെൻഷൻ പദ്ധതി, ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ സർക്കാർ സ്കൂളുകളിൽ സദാ ജലലഭ്യത ഉറപ്പുവരുത്തിയ ഗേൾഫ്രണ്ട്ലി ടോയ്ലറ്റ് കോംപ്ലക്സുകളും, യൂറിനൽ കോംപ്ലക്സുകളും നിർമ്മിക്കുന്ന പദ്ധതി എന്നിവയാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത്. ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ന്യൂനപക്ഷ വകുപ്പ് രൂപീകരിച്ചു. കളക്ടറേറ്റുകളിൽ ന്യൂനപക്ഷ കാര്യങ്ങൾക്കായി പുതിയ സെക്ഷനുകൾ അനുവദിച്ചു.

(ബി) ഇല്ല.

(സി-ഇ) ബാധകമല്ല.

കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സ്റ്റേറ്റ് സർവ്വീസ്

137 (1607) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സ്റ്റേറ്റ് സർവ്വീസ് രൂപീകരിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(ബി) പ്രസ്തുത നിർദ്ദേശത്തിൽ ത്രിതല പഞ്ചായത്തു സംവിധാനത്തിൽ മാറ്റം വരുത്താനുള്ള നിർദ്ദേശങ്ങളുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മുന്ന് തലത്തിൽ വിഭാവനം ചെയ്തിട്ടുള്ള അധികാരവികേന്ദ്രീകരണ തത്വങ്ങൾ അട്ടിമറിക്കാനുള്ള നിർദ്ദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ വിശദമായ ചർച്ചയും പരിശോധനയും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) അധികാരവികേന്ദ്രീകരണത്തിനുപകരം അധികാരകേന്ദ്രീകരണം ഉണ്ടാക്കുന്ന മാറ്റങ്ങൾക്കുള്ള നിർദ്ദേശങ്ങൾ നിരസിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന് ഒരു പൊതു സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിഗണനയിലുണ്ട്. ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ഉന്നതതല സമിതി യോഗം കൂടുകയും ചർച്ചയ്ക്കുള്ള കരട് റൂൾ തയ്യാറാക്കിയിട്ടുമുണ്ട്. ആയത് 21-2-2011-ൽ വിവിധ പൊതു സംഘടനകളുമായി ചർച്ച നടത്തുവാൻ തീരുമാനമായിട്ടുണ്ട്.

(ബി&സി) ഇല്ല.

(ഡി) ബാധകമല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുള്ള സേവനങ്ങൾ

138 (1608) ശ്രീ. ആർ. സെൽവരാജ് :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പൗരാവകാശരേഖയിൽ ഉറപ്പു നൽകിയിട്ടുള്ളപ്രകാരം വിവിധ സേവനങ്ങൾ നൽകുന്നതിന് കഴിയുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഗ്രാമപ്രദേശങ്ങളിലെ വീടുനിർമ്മാണത്തിന് കെട്ടിടനിർമ്മാണച്ചട്ടം ബാധകമാക്കിയതുമൂലമുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) പുറമ്പോക്കിലും തീരദേശത്തുമുള്ള വീടുകൾക്ക് താൽക്കാലിക വീട്ടുനമ്പർ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) പഞ്ചായത്ത് ആഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly